**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1667** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകളിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമി തരം മാറ്റലിനായി ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം തീരുമാനമെടുക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) | നിലവിൽ ഓൺലൈൻ വഴിയാണ് തരം മാറ്റം അപേക്ഷകൾ സ്വീകരിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ലഭ്യമാകുന്ന ക്രമത്തിലാണ്, ബന്ധപ്പെട്ട RDO മാർ / ഡെപ്യൂട്ടി കളക്ടർമാർ നടപടികൾ സ്വീകരിക്കുന്നത്. ടി അപേക്ഷകൾ നിയമത്തിലും ചട്ടത്തിലും വ്യക്തമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് തീർപ്പാക്കേണ്ടത് എന്നതിനാൽ ആയതിനുള്ള പരിശോധനകൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഉണ്ടാകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ തരം മാറ്റം അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗണ്യമായ വർധന ഉണ്ടെങ്കിലും പുതിയതായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിലും ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. |
| (ബി) | ഭൂമി തരം മാറ്റാനുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഭൂമി തരം മാറ്റാനുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും, പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.എൽ.ഡി.എം. മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | തരംമാറ്റൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ? | (സി) | 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിനും, അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നൽകിയിരുന്നതും, അപ്രകാരം അവരെ ചുമതലപ്പെടുത്തിയിരുന്നതുമായ ഭൂമിതരംമാറ്റവുമായി ബന്ധപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിന് 27.06.2024-ലെ സ. ഉ. (അച്ചടി) നം. 140/2024/RD, 28.06.2024-ലെ സ. ഉ. (അച്ചടി) നം. 142/2024/RD എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതനുസരിച്ച് 01.07.2024 |

| | | | |
|---|---|---|---|
| | | | മുതൽ 27 RDO/ഡെപ്യൂട്ടി കളക്ടർമാരുടെ സ്ഥാനത്ത് 71 പേരെ ചുമതലപ്പെടുത്തി അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയ ശേഷം തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിൽ വർദ്ധനവ് വന്നിട്ടുണ്ട്. ഇതിനായി 269 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചു.<br><br>തരംമാറ്റൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ചട്ടപ്രകാരമുള്ള നടപടികൾ ലഘൂകരിക്കുന്നതിനും, തരംമാറ്റൽ വേഗത്തിലാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ അദാലത്ത് സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്. കൂടാതെ 25 സെന്റ് വരെയുള്ളതും സൗജന്യമായി തരംമാറ്റത്തിന് അർഹതയുള്ളതുമായ അപേക്ഷകളിൽ വേഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഹായകരമായ രീതിയിൽ ഒരു പ്രൊഫോർമാ റിപ്പോർട്ട് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ